# പതിനാലാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3918 21.10.2016-ൽ മറുപടിയ്ക്ക്.

## പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി

| ചോദ്യം<br>ശ്രീ. മോൻസ് ജോസഫ് | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിനും ആയതിന്റെ അംഗീകാരം നേടിയെടുക്കുന്നതിന് ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കാനും സർക്കാർ സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ ; | (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾക്ക് സമയബന്ധിതമായി ഡി.പി.സി അംഗീകാരം നേടുന്നതിന്റെ പുരോഗതി രണ്ടാഴ്ചയിലൊരിയ്ക്കൽ കൂടുന്ന വികേന്ദ്രീകൃതാ സൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി യോഗം വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നുണ്ട്. കൂടാതെ ബന്ധപ്പെട്ട വകുപ്പ് തലവന്മാരും പദ്ധതി അംഗീകാര പുരോഗതി വിലയിരുത്തുകയും അംഗീകാരം ലഭിക്കുന്നതിലുണ്ടാകുന്ന തടസ്സങ്ങൾ ഒഴിവാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്. സമയ ബന്ധിതമായി ഡി.പി.സി വിളിച്ചുകൂട്ടി പദ്ധതി അംഗീകാരം നൽകുന്നതിന് ബന്ധപ്പെട്ട കളക്ടർമാർക്ക് സർക്കാർ നേരിട്ട് നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ പല തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെയും പദ്ധതികൾക്ക് ജില്ലാ ആസൂത്രണ സമിതികൾ അംഗീകാരം നൽകുവാൻ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ സമിതികൾ ആഴ്ചയിൽ ഒരിയ്ക്കൽ കൂടുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br>ആഴ്ചയിൽ ഒരിയ്ക്കൽ കൂടുന്നതിന് നിർദ്ദേശം നല്കുന്ന കാര്യം പരിഗണനയിലില്ല. |

Saradadevi

സെക്ഷൻ ഓഫീസർ.